"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പാലക്കാട് -ഔദ്യോഗിക വാഹനം-പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.319/2026/SCSTD തീയതി,തിരുവനന്തപുരം, 11-03-2026

പരാമർശം:-
1. സ.ഉ(പി)നം.27/2025/FIN തീയതി, 18.03.2025.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 31.07.2023, 25.10.2024, 22.06.2025 തീയതികളിലെ E/E5/1029/2023/STDD നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ഉണ്ടായിരുന്ന ഔദ്യോഗിക വാഹനം (KL01-AW 7175 ജീപ്പ്) കാലപ്പഴക്കം വന്നതിനാൽ 5,22,000-/രൂപക്ക് കണ്ടം ചെയ്തുവെന്നും പാലക്കാട് ജില്ലയിലെ വനപ്രദേശങ്ങളിൽ ദുർഘടമായ വനപാതകളിലൂടെ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഉന്നതികളിൽ എത്തുന്നതിന് ഫോർ വീൽ ഡ്രൈവ് വാഹനം അത്യന്താപേക്ഷിതമാണെന്നും, നിലവിൽ പ്രതിമാസം 40,000-/ രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്താണ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നതെന്നും,ദുർഘടമായ വനപാതകളിലൂടെ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഓടുന്നതിന് വാഹന ഉടമകൾ വാഹനം വിട്ടുതരുന്നതിന് തയ്യാറാകാത്ത സാഹചര്യം ഉണ്ടെന്നും,പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ സ്ഥിരം ഡ്രൈവർ തസ്തിക ഉണ്ടെന്നും മേൽ സാഹചര്യത്തിൽ പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ 8,79,253 രൂപ ചെലവഴിച്ച് പുതിയ വാഹനം (Mahindra Bolero B6 BSVI 2) GeM Portal മുഖേന വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ പ്രധാന പ്രവർത്തനം പട്ടികവർഗ്ഗ മേഖലയിലെ ജനങ്ങളുടെ ക്ഷേമമാണെന്നത് പരിഗണിച്ച്, ടി ഓഫീസിൽ ഉണ്ടായിരുന്ന ഔദ്യോഗിക വാഹനമായ KL-01-AW-7175 നമ്പർ ജീപ്പ് കാലപ്പഴക്കം വന്നു കണ്ടം ചെയ്തതിനാൽ , ആയതിനു പകരമായി 2225-02-001-97 PV Strengthening of Administration (p) ശീർഷകത്തിൽ നിന്നും **8,79,253/- (എട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) രൂപ** ചെലവഴിച്ചുകൊണ്ട് GeM Portal മുഖേന ഒരു പുതിയ ഡീസൽ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുതിയ വാഹനം വാങ്ങുന്നതോടനുബന്ധിച്ച് നിലവിൽ വാടകയ്ക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം ഒഴിവാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WW3/107/2018-FIN)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ